I/97711/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ്: ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ പൊതുസ്ഥലം മാറ്റം 2023 - ഡോ.അഞ്ജു പി എം ,ഡോഃസൗമ്യ വാസുദേവൻ
എന്നീ അസിസ്റ്റന്റ് സർജന്മാരുടെ ഭേദഗതി വരുത്തിയ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.ഉത്തരവ് നം. ഇഎ2- 2422/2023/ആ.വ.ഡ തീയതി:31.05.2023

2. സഉ (സാധാ) നം. 2743/2023/ആ.കു.വ തീയതി 19.10.2023

**ഉത്തരവ് നമ്പർ ഇഎ2- 2422/2023/ആ.വ.ഡ, തീയതി:24-10-2023**

ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ 2023 പൊതുസ്ഥലം മാറ്റത്തിൽ എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ താലൂക്ക് ആസ്ഥനാശുപത്രിയിലെ അസിസ്റ്റൻറ് സർജനായ ഡോ.അഞ്ജു പി എം ന് (പെൻ.852282) പരാമർശ (1) ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകിയിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ടി ഡോക്ടർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ (ഇ കെ എം )881 /2023 ലെ 20.07 .2023 ലെ വിധിന്യായം നടപ്പിലാക്കികൊണ്ടു പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം(1 ) ഉത്തരവിലെ ക്രമ നമ്പർ 1078 പ്രകാരമുള്ള ഡോ.അഞ്ജു പി എം-ന്റെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ താലൂക്ക് ആസ്ഥനാശുപത്രി വടക്കൻ പറവൂർ സ്ഥലം മാറ്റം റദ്ദ് ചെയ്തു കൊണ്ടും, ക്രമ നമ്പർ 691 പ്രകാരമുള്ള ആലപ്പുഴ ജില്ലയിലെ പബ്ലിക് ഹെൽത്ത് ലാബിലെ അസിസ്റ്റന്റ് സർജനായ ഡോഃസൗമ്യ വാസുദേവന്റെ (PEN:807777) വടക്കൻ പറവൂർ താലൂക്ക് ആസ്ഥനാശുപത്രിയിലെ സ്ഥലമാറ്റം റദ്ദ് ചെയ്ത് എറണാകുളം ജില്ലയിലെ അയ്യമ്പള്ളി കുടംബരോഗ്യകേന്ദ്രത്തിലെ നിലവിൽ ഉള്ള അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് പുനർനിയമനം നൽകി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാ മെഡിക്കൽ ഓഫീസറും, സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

മേൽ പരാമർശിത (1) ഉത്തരവ് ഈ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

Signed by
Dr Reena K J
Date: 24-10-2023 19:11:52

I/97711/2023

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: 1.ഡോ.അഞ്ജു പി എം അസിസ്റ്റൻറ് സർജൻ വടക്കൻ പറവൂർ താലൂക്ക് ആസ്ഥനാശുപത്രി

2.:സൗമ്യ വാസുദേവൻ , പബ്ലിക് ഹെൽത്ത് ലാബ്,ആലപ്പുഴ

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ കേരള (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ) എറണാകുളം/ആലപ്പുഴ
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ഫയൽ/ സ്റ്റോക്ക് ഫയൽ